# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1103** 08.02.2013 ൽ മറുപടിക്ക്

**സ്കോളർഷിപ്പുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ സ്കോളർഷിപ്പുകൾ ഏതെല്ലാമെന്നും ആയത് ഓരോന്നിന്റെയും അർഹതയ്ക്കുള്ള മാനദണ്ഡവും മാർഗ്ഗരേഖയും എന്താണെന്നും വിശദമാക്കുമോ; | (എ), (ബി) & (സി) | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന വിവിധ സ്കോളർഷിപ്പുകളുടെ വിശദാംശങ്ങളും നൽകുന്ന തുകയും അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ സ്കോളർഷിപ്പിലും നൽകുന്ന തുക എത്രയാണെന്ന് വിശദീകരിക്കുമോ; | | |
| (സി) | പ്രസ്തുത സ്കോളർഷിപ്പുകൾ ഓരോന്നും ഏതേത് വകുപ്പുകൾ മുഖേനയാണ് കൈകാര്യം ചെയ്യുന്നതും വിതരണം ചെയ്യുന്നതും എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | നടപ്പ് അദ്ധ്യയനവർഷം പ്രസ്തുത സ്കോളർഷിപ്പുകളിൽ ഓരോന്നിലും എത്ര പേർക്ക് ആനുകൂല്യം വിതരണം ചെയ്തുവെന്നും ഓരോ ഇനത്തിലും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ; | (ഡി) | നടപ്പ് അദ്ധ്യയനവർഷം ഓരോ സ്കോളർഷിപ്പ് ഇനത്തിലും വിതരണം ചെയ്ത തുകയുടെ വിശദ വിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |
| (ഇ) | വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ താരതമ്യേന ഏറ്റവും കുറഞ്ഞ സ്കോളർ | (ഇ) | നിലവിൽ വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ എൽ.എസ്.എസ് /യു.എസ്.എസ് സ്കോളർഷിപ്പ്, മുസ്ലിം |

| | |
|---|---|
| ഷിപ്പായി നൽകുന്ന ഇനം ഏതെന്ന് വിശദമാക്കുമോ? | /നാടാർ/ആംഗ്ലോ ഇൻഡ്യൻ/ മറ്റു പിന്നോക്ക/ ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള മുന്നാക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയാണ് ഏറ്റവും കുറഞ്ഞ തുക നൽകുന്ന ഇനങ്ങൾ. |

സെക്ഷൻ ഓഫീസർ

Annexure - A

# Details of Scholarships distributed by General Education Department

| Sl.No | Title / Name of Scholarship | No. of Scholarships | Scholarship amount per student | Central or State Scheme | Beneficiaries | Eligibility criteria | Remarks |
|---|---|---|---|---|---|---|---|
| 1 | **Muslim / Nadar / Anglo Indian/ OBC/ Forward Caste Girls under BPL category Scholarship** | Based on the number of eligible students. | UP students Rs. 125/- per year & HS Students Rs.150/- per year | State | Eligible girl students from Std.V to X in the State. | All Girl Students from standard V to X whose parental income does not exceed Rs.25,000/- | The scholarship will be given to girl students from Std. V to X based on the annual income limit of Rs.25000/- The Headmaster concerned will submit the list of eligible students to the concerned DEOs. The fund for the disbursement of the scholarship will be sanctioned from the Directorate to the DDEs based on the fund allocation for the scholarship under each head of account. |
| 2 | **LSS/USS Scholarship** | Based on the number of eligible students. | LSS Scholarship Rs. 100/- per year per student & USS Scholarship Rs. 150/- per year per student | State | Lower primary & Upper primary students | LSS- The beneficiaries are selected after conducting the scholarship exam among the meritorious students studying in std. IV and USS from std VII respectively | The scholarship amount is given to the beneficiaries @ Rs.100/- per year for 3 years (Std. V, VI, VII) and @ Rs. 150/- per year for 3 years (STD VIII,IX,X) |

Annexure - A

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | **National Scholarship** | General Category – 4, SC- 2, ST- 2, Landless - 1 from every block. | General Category- Rs. 300/- Tuition fee students–Rs.460/- Hostellers - Rs.1000/- per year | State | Students selected from the USS exam. | The beneficiaries are selected from the USS result having top most mark. | Scholarship is given to the talented students in rural areas having highest mark in the USS exam. The awardees are selected from the result of the USS exam in Block wise in each Districts. Scholarship is given to the beneficiaries for 3 years. |
| 4 | **Incentive to Girls for Secondary Education** | Based on the number of eligible SC/ST girl students studying in Std. IX in every year. | Rs.3000/- per student | Central | According to the number of SC/ST girl students in Std. IX. | All SC/ST girl students below 16 years age as on 31st March studying in Government / Aided / Local Body Schools in Std.IX . | All SC/ST girls students studying in Std.IX below 16 years old in Government/Aided/Local body schools and all girl students (irrespective of SC/ST) who have passed the VIII exam in KGBV Schools. The scholarship amount of Rs.3000/- will be deposited to the account of the eligible girls and who withdrawn after attaining 18 years of age and qualifying the X board exam and who remain unmarried. |
| 5 | **Pre-Matric Scholarship for Minority students** | Based on the number of eligible students, funds are sanctioned by the Central Government for ............ students. | Rs.1000/- per annum | Central & State@75:25 | The students belongs to Minority communities such as Muslim/Christian/Sikh/Budhist/Parsi | Minority students from Std.1 to X having the parental income up to Rs.1,00,000/- and getting 50% mark in the previous final year exam. | The scholarship is granted to the minority students from Std. 1 to X. The parental income limit is below Rs.1,00,000/- and students must have secured 50% of mark in the previous final exam. The beneficiaries are selected based on the parental income and percentage of mark. |

Annexure - A

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | **National Means Cum Merit Scholarship** | According to the direction from the Central Government in each year. | Rs.6000/- per year | Central | Based on the number of eligible students subject to a maximum 3473 Nos. | Students studying in Std.VIII, having the parental income below Rs.1,50,000/- and 55% of mark. | The selection test is conducted for the students in Std.VIII having parental income below Rs.1,50,000/- and 55% of marks. The awardees are granted Rs.6000/- per year for 4 years. The amount will be given through the bank account of the beneficiaries. |
| 7 | **Pure Sanskrit Scholarship** | HS – 216<br>UP – 300 | UP - 120<br>HS - 150 | State | | Based on previous annual exam mark. | Pure Sanskrit scholarship is granted to the students who having highest mark in the previous annual exam. |
| 8 | **Sainik School Scholarship** | Based on the number of eligible students. | Total income up to Rs.15000- Scholarship amount 21,000/- Full + clothing allowance Rs.1000/- | State | Based on the number of eligible students. | Total income up to Rs.15000- Scholarship amount 21,000/- Full + clothing allowance Rs.1000/- | Total income up to Rs.15000- Scholarship amount 21,000/- Full + clothing allowance Rs.1000/- |
| | | | Total income up to Rs.20000- Scholarship amount 15,750/- +Clothing allowance Rs.1000/- | | | Total income up to Rs.20000- Scholarship amount 15,750/- +Clothing allowance Rs.1000/- | Total income up to Rs.20000- Scholarship amount 15,750/- +Clothing allowance Rs.1000/- |
| | | | Total income up to Rs.25000/-Scholarship amount 10,500/- | | | Total income up to Rs.25000/- Scholarship amount 10,500/- | Total income up to Rs.25000/-Scholarship amount 10,500/- |

## അനുബന്ധം 'ബി'

ചോദ്യം 'ഡി'

**നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്**

2012-13 ൽ 3473 കുട്ടികളെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത കുട്ടികൾക്ക് 9, 10, 11, 12 ക്ലാസ്സുകളിൽ പ്രതിമാസം 500 രൂപാ വീതമാണ് സ്കോളർഷിപ്പ് നൽകുന്നത്. നടപ്പ് അധ്യയനവർഷം തെരഞ്ഞെടുത്ത് കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ തുടങ്ങിയവ ഡേറ്റാബേസിൽ രേഖപ്പെടുത്തുന്ന ജോലി പുരോഗമിക്കുന്നു. ഈ ജോലി അവസാനിച്ചാലുടൻതന്നെ പ്രസ്തുത കുട്ടികളുടെ ലിസ്റ്റ് കേന്ദ്രമാനവശേഷി വികസനമന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. ടി മന്ത്രാലയത്തിൽ നിന്ന് തുക അനുവദിച്ചുവരുന്ന മുറയ്ക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതാണ്.

**ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യൂക്കേഷൻ**

2012-13 ൽ 23601 പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥിനികളെ മേൽപ്പറഞ്ഞ സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ വർഷം 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന 16 വയസ്സ് പൂർത്തിയായിട്ടില്ലാത്ത കുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. സ്കോളർഷിപ്പ് തുക 3000/- രൂപയാണ്. 10-ാം ക്ലാസ്സ് പാസ്സായശേഷം 18 വയസ്സ് പൂർത്തിയാകുമ്പോഴാണ് തുക നൽകുന്നത്. നടപ്പ് അധ്യയനവർഷം തെരഞ്ഞെടുത്ത് കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ തുടങ്ങിയവ ഡേറ്റാ ബേസിൽ രേഖപ്പെടുത്തുന്ന ജോലി പുരോഗമിക്കുന്നു. ഈ ജോലി അവസാനിച്ചാലുടൻതന്നെ ഡേറ്റാബേസ് കേന്ദ്രമാനവശേഷി വികസനമന്ത്രാലയത്തിലേയ്ക്ക് അയച്ചുകൊടുക്കുന്നതാണ്. ടി മന്ത്രാലയത്തിൽ നിന്ന് തുക അനുവദിച്ചുവരുന്ന മുറയ്ക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതാണ്.

**സംസ്കൃത സ്കോളർഷിപ്പ്**

(എ) **അക്കാദമിക് സ്കൂളുകൾ (സംസ്കൃതം 1-ാം പേപ്പർ 1-ാം പാർട്ടായി പഠിപ്പിക്കുന്ന സ്കൂളുകൾ)**

ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലാവിദ്യാഭ്യാസ ഓഫീസ് തലത്തിൽ 8, 9, 10 ക്ലാസ്സുകളിൽ പരീക്ഷാനടത്തി കൂടുതൽ മാർക്ക് നേടുന്ന 20 കുട്ടികൾക്ക് (ഓരോ ക്ലാസ്സിലും) 500/- രൂപാ വീതം സ്കോളർഷിപ്പ് നൽകുന്നു. ഈയിനത്തിൽ ആകെ 11,40,000/- (പതിനൊന്ന് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) സ്കോളർഷിപ്പായി നൽകുന്നു. ഈ വർഷത്തെ അലോട്ട്മെന്റ് അതാത് വിദ്യാഭ്യാസഉപഡയറക്ടർമാർക്ക് നൽകിക്കഴിഞ്ഞു. ഈ വർഷത്തെ സെലക്ഷൻ നടത്തിയിട്ടുണ്ട്. റിസൽട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് നൽകിത്തുടങ്ങും.

അപ്പർപ്രൈമറി വിഭാഗത്തിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസ് തലത്തിൽ 5, 6, 7 ക്ലാസ്സുകളിൽ പരീക്ഷനടത്തി കൂടുതൽ മാർക്ക് നേടുന്ന 10 കുട്ടികൾക്ക് (ഓരോ ക്ലാസ്സിലും) 300/- രൂപാ വീതം സ്കോളർഷിപ്പ് നൽകുന്നു. ഇയിനത്തിൽ ആകെ 14,58,000/- (പതിന്നാല് ലക്ഷത്തി അമ്പത്തെട്ടായിരം രൂപ മാത്രം) സ്കോളർഷിപ്പായി നൽകുന്നു. ഈ വർഷത്തെ സെലക്ഷൻടെസ്റ്റ് നടത്തിയിട്ടുണ്ട്. റിസൽട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് നൽകിത്തുടങ്ങും.

**ശുദ്ധസംസ്കൃതം സ്കോളർഷിപ്പ്**

(ബി) **ഓറിയന്റൽ സ്കൂളുകൾ (1-ാം പാർട്ടും, 2-ാം പാർട്ടും സംസ്കൃതം പഠിപ്പിക്കുന്ന സ്കൂളുകൾ**

അപ്പർപ്രൈമറി വിഭാഗത്തിൽ 5, 6, 7 ക്ലാസ്സുകളിലെ വാർഷികപരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങുന്ന 6 കുട്ടികൾക്ക് (ഓരോ ക്ലാസ്സിലും) 120/- രൂപാ വീതം സ്കോളർഷിപ്പ് നൽകുന്നു.

ഹൈസ്കൂൾ വിഭാഗത്തിൽ വാർഷികപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ 8, 9, 10 ക്ലാസ്സുകളിലെ 6 കുട്ടികൾക്ക് വീതം 150/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു. ഈ വർഷത്തെ സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി സ്കൂളുകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിച്ചുവരുന്നു. അധികം താമസിയാതെതന്നെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതാണ്.

**ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ്**

2012-13 ൽ 8,69,857 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1000/- രൂപാ നിരക്കിൽ അനുവദിച്ച സ്കോളർഷിപ്പ് തുക 2013 ഫെബ്രുവരിയിൽ വിതരണം നടത്തുന്നതിനുള്ള പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

**എൽ.എസ്സ്.എസ്സ്./യു.എസ്സ്.എസ്സ്**

നിലവിൽ വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ എൽ.എസ്സ്.എസ്സ്/യു.എസ്സ്.എസ്സ് സ്കോളർഷിപ്പുകൾക്കാണ് ഏറ്റവും കുറഞ്ഞ തുക അനുവദിക്കുന്നത് (എൽ.എസ്സ്.എസ്സ് -100, യു.എസ്സ്.എസ്സ്-150). 2012-13 വർഷം എൽ.എസ്സ്.എസ്സ് 12,484 കുട്ടികൾക്ക് 100 രൂപ നിരക്കിലും, യു.എസ്സ്.എസ്സ് 6118 കുട്ടികൾക്ക് 150 രൂപാ നിരക്കിലും തുക വിതരണം ചെയ്തുവരുന്നു. ടി തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നോക്ക ദാരിദ്ര്യരേഖയ്ക്കുതാഴെ വരുമാനമുള്ള മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്**

മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക ദാരിദ്ര്യരേഖയ്ക്കുതാഴെ വരുമാനമുള്ള മുന്നാക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് എൽ.പി./യു.പി വിഭാഗം കുട്ടികൾക്ക് 125 രൂപ, ഹൈസ്കൂൾവിഭാഗം കുട്ടികൾക്ക് 150 രൂപ എന്നീ ക്രമത്തിലാണ് വിതരണം ചെയ്യുന്നത്. 2012-13 വർഷത്തിൽ 212593 കുട്ടികൾക്ക് 125 രൂപാ ക്രമത്തിലും, 200947 കുട്ടികൾക്ക് 150/- രൂപാ ക്രമത്തിലും സ്കോളർഷിപ്പ് തുക വിതരണം നടത്തിവരുന്നു. ജാതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന തുക കൂടിയ സ്കോളർഷിപ്പുകൾ കൈപ്പറ്റുമ്പോൾ, കുറഞ്ഞ തുകയായ ടി സ്കോളർഷിപ്പ് തുക തിരിച്ചടയ്ക്കാനുള്ള സാധ്യതയുണ്ട്. അതിനാൽ കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസം വരാം. ടി തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**നാഷണൽ സ്കോളർഷിപ്പ്**

ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായവിദ്യാർത്ഥികൾക്കാണ് നാഷണൽ സ്കോളർഷിപ്പ് ലഭിക്കുന്നത്. അപ്പർസെക്കണ്ടറി സ്കോളർഷിപ്പ് (യു.എസ്സ്.എസ്സ്) പരീക്ഷയുടെ റിസൽട്ടിൽ നിന്നാണ് ഈ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്തെ സ്കൂളുകളെ ബ്ലോക്കടിസ്ഥാനത്തിൽ തരംതിരിച്ച് ഓരോ ബ്ലോക്കിലും ഉള്ള ജനറൽ-4, ഭൂരഹിതർ-2, പട്ടികവർഗ്ഗം- 3, പട്ടികജാതി- 2 (20% ത്തിൽ കൂടുതൽ പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന ബ്ലോക്കിൽ അഡീഷണൽ സ്കോളർഷിപ്പ് -1 എന്ന ക്രമത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്തുവരുന്നു.

**സൈനികസ്കൂൾ സ്കോളർഷിപ്പ്**

കഴക്കൂട്ടം സൈനികസ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാനസർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകൾ യഥാസമയം പ്രിൻസിപ്പലിന്റെ റിക്വയർമെന്റ് അനുസരിച്ച് വിതരണം ചെയ്തുവരുന്നു.